# Deepika

## 23 August 2018

## Kochi: After flood



ക്യാമ്പുകളിൽനിന്ന്

# ദുരിതബാധിതർ ഒഴിഞ്ഞുതുടങ്ങി

പറവൂർ: പറവൂർ താലൂക്കിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ജലനിരപ്പ് താഴ്ന്നു. ക്യാമ്പുകളിൽ നിന്ന് മടങ്ങുന്ന ജനങ്ങൾ വീടുകൾ ശുചീകരിക്കുന്ന യജ്ഞത്തിലാണ്. ക്യാമ്പുകളിൽനിന്ന് തങ്ങളുടെ വീടുകളുടെ സ്ഥിതി അറിയാനെത്തുന്നവർ പ്രളയം തകർത്ത വീടിന്റെ കാഴ്ചകൾ കണ്ട് സങ്കടപ്പെടുകയാണ്. വെള്ളം കയറി സർവതും നശിച്ചവർ ആയിരങ്ങളാണ്.

ഇന്നലെയും മൂന്നു നേരം ഹെലികോപ്റ്ററിൽ ഭക്ഷണവും മറ്റു സാധനങ്ങളും വിവിധ ദുരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചിരുന്നു. ഒരാഴ്ച മുമ്പുണ്ടായ ആദ്യത്തെ വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ പുത്തൻവേലിക്കര പഞ്ചായത്തിലെ തേലത്തുരുത്ത്, ചെറുകടപ്പുറം, മാളവന തുടങ്ങിയ മേഖലകളിൽനിന്ന് ഇപ്പോഴും വെള്ളം പൂർണമായും ഇറങ്ങിയിട്ടില്ല. പത്തു മുതൽ 15 അടിവരെ ജലനിരപ്പ് ഉയർന്നിട്ടുള്ള മേഖലകളാണിത്. താലൂക്കിൽ ഒരുലക്ഷത്തിലേറെ ജനങ്ങളെ വെള്ളപ്പൊക്കം ബാധിച്ചിട്ടുണ്ട്. ഇതിന്റെ ദുരിതങ്ങളെ മറികടക്കാൻ മാസങ്ങൾ തന്നെ വേണ്ടിവരുമെന്നാണ് കരുതപ്പെടുന്നത്.

ശുചീകരണ യജ്ഞത്തിനു നിരവധി സന്നദ്ധ സംഘടനകൾ പറവൂരിലെത്തിയിട്ടുണ്ട്. കണ്ണൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽനിന്നുള്ള നൂറുകണക്കിനു ഡിവൈഎഫ്ഐ പ്രവർത്തകർ മേഖലയിലെത്തി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഏറ്റവും കൂടുതൽ ആളുകൾ താമസിച്ച ക്യാമ്പുകളിലൊന്നായ ചെട്ടിക്കാട് സെന്റ് ആന്റണീസ് തീർഥാടനകേന്ദ്രത്തിൽ ഹാളിലും പള്ളികളിലുമായി നാലായിരത്തോളം പേർക്ക് ഭക്ഷണവും സൗകര്യങ്ങളുമൊരുക്കി. വിശുദ്ധന്റെ കിണറിൽ മാത്രം വെള്ളം കയറിയില്ല. ഈ വെള്ളമുപയോഗിച്ചായിരുന്നു ക്യാമ്പിലേക്കുള്ള ഭക്ഷ്യവസ്തുകൾ പാചകം ചെയ്തത്.

പറവൂർ ചെറിയ പല്ലംതുരുത്തിൽ പ്രളയത്തെത്തുടർന്നു ചെളി കയറി നശിച്ച പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്ന നളിനാക്ഷി.

## ആളുകൾ സ്വയം ഒഴിയുന്നതു വരെ ക്യാമ്പുകൾ

ചില താഴ്ന്ന പ്രദേശങ്ങൾ ഒഴികെ വൈപ്പിൻകരയിൽനിന്ന് പൂർണമായി വെള്ളം ഇറങ്ങിത്തുടങ്ങിയതോടെ പല ക്യാമ്പുകളിൽനിന്നും ദുരിതബാധിതർ ഒഴിഞ്ഞുതുടങ്ങി. എന്നാൽ ഒരു ക്യാമ്പും അധികൃതർ നിർത്തലാക്കുകയില്ലെന്ന് കൊച്ചി തഹസിൽദാർ കെ.വി. അംബ്രോസ് പറഞ്ഞു. ആളുകൾ സ്വയം ഒഴിഞ്ഞുപോയി തീരുമ്പോൾ മാത്രമേ ക്യാമ്പുകൾ നിർത്തുവെന്നും അദ്ദേഹം പറഞ്ഞു.

രണ്ടു ദിവസമായി ആളുകൾ രാവിലെ വീടുകളിൽ പോയി മുറികളും പരിസരങ്ങളും വൃത്തിയാക്കി തിരികെ ക്യാമ്പിലേക്കു മടങ്ങുകയാണ്. വൈപ്പിൻ ഉൾപ്പെടെ പറവൂർ ഭാഗത്തെ ദുരിതബാധിതരെ താമസിപ്പിച്ചിട്ടുള്ള കേന്ദ്രങ്ങളിൽനിന്ന് ഇവരെ മാറ്റി ഇവരുടെ വീടുകൾക്ക് സമീപം സെൻട്രലൈസ്ഡ് ക്യാമ്പുകൾ തുറക്കാനാണ് നീക്കം.

ഇന്നലെ മുതൽ ഏതാണ്ട് പൂർണമായി സ്വകാര്യ ബസ് സർവീസ് ആരംഭിച്ചു. കെഎസ്ആർടിസി ബസുകൾ തിങ്കളാഴ്ച മുതൽ സർവീസ് നടത്തുന്നുണ്ട്. കടകമ്പോളങ്ങൾ പൂർണമായും തുറന്നിട്ടുണ്ടെങ്കിലും പലകടകളിലും സാധനങ്ങൾ തീരെ കുറവാണ്. ഇന്നു മുതൽ സാധനങ്ങൾ എത്തിത്തുടങ്ങുമെന്നാണ് പ്രതീക്ഷയെന്ന് വ്യാപാരികൾ പറഞ്ഞു.

## മത്സ്യത്തൊഴിലാളികളെ ഇന്ന് ആദരിക്കും

കൊച്ചി: പ്രളയക്കെടുതിയിൽ അകപ്പെട്ടവർക്കു സഹായഹസ്തം നീട്ടിയ കേരളത്തിന്റെ സൈനികരായ മത്സ്യത്തൊഴിലാളികളെ ആദരിക്കുന്നു. കേരള ഫിഷറീസ് കോ ഓർഡിനേഷൻ ജില്ലാ കമ്മിറ്റിയുടെയും എസ്. ശർമ എംഎൽഎയുടെയും നേതൃത്വത്തിൽ ഇന്നു വൈകുന്നേരം നാലിന് വൈപ്പിൻ ഗോശ്രീ ജംഗ്ഷനിലാണു സ്വീകരണം. ഫിഷറീസ് ഉദ്യോഗസ്ഥരുടെ അനുമതിയോടെ 150 വള്ളങ്ങളിലായി വൈപ്പിൻ മേഖലയിലെ 800 മത്സ്യത്തൊഴിലാളികളാണു രക്ഷാദൗത്യത്തിൽ പങ്കാളിയായത്.

പ്രളയക്കെടുതി ആരംഭിച്ച കഴിഞ്ഞ 16നു രാവിലെ പുതുവൈപ്പ് എൽഎൻജി, ഐഒസി ഭാഗത്തെ ചെറുവഞ്ചി തൊഴിലാളികളാണു ആദ്യമായി രക്ഷാപ്രവർത്തനത്തിനിറങ്ങിയത്. പിന്നീട് കൂടുതൽ മത്സ്യത്തൊഴിലാളികൾ കൈയ്യും മെയ്യും മറന്നു രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുകയായിരുന്നു.

## ലക്ഷങ്ങളുടെ ബ്രഷ്, ചൂല് കച്ചവടം

പറവൂർ: പ്രളയജലമിറങ്ങിയ പ്രദേശത്തെ വീട്ടുകാർ വീടു വൃത്തിയാക്കാനായി ബ്രഷ്, ചൂല്, ലോഷനുകൾ, ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയ ശുചീകരണ ഉത്പന്നങ്ങൾ വാങ്ങുന്നതിലൂടെ നടക്കുന്നത് ലക്ഷങ്ങളുടെ കച്ചവടം. ഇത്തരം സാധനങ്ങൾ വിൽക്കുന്ന കടയിൽ ഇപ്പോൾ നല്ല ജനത്തിരക്കാണ്.

## പുഴ മത്സ്യത്തിനു പൊള്ളുംവില

വൈപ്പിൻ: കടൽമത്സ്യത്തിനു ക്ഷാമം നേരിട്ടതോടെ പുഴമത്സ്യത്തിനു പൊള്ളുന്ന വില. കിലോഗ്രാമിനു 100 രൂപയ്ക്കു ലഭിച്ചിരുന്ന ചെറിയ കളമ്പിന് 500 രൂപയാണ് നിലവിൽ വില. സാധാരണസമയങ്ങളിൽ 80 രൂപയ്ക്കു വിറ്റിരുന്ന കൂരി 200 ഉം 250 രൂപയ്ക്കാണ് വില്ക്കുന്നത്.

ഇന്നു പെരുന്നാൾ കഴിഞ്ഞു നാളെമുതൽ വള്ളങ്ങളും ബോട്ടുകളും കടലിലേക്കു പോകുന്നതോടെ മത്സ്യത്തിനു ക്ഷാമം മാറുമെന്നാണു മത്സ്യത്തൊഴിലാളികൾ പറയുന്നത്. ബീഫ് ഉൾപ്പെടെയുള്ള ഇറച്ചികൾക്കു വില വർധിച്ചിട്ടില്ല.